**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **22-07-2021 - ൽ മറുപടിയ്ക്ക്**

**തോട്ടം മേഖല സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടം മേഖലയെ സംരക്ഷിക്കുന്നതിനു വേണ്ടി പഠനം നടത്താൻ നിയോഗിച്ച കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചത് ഏതു വർഷമാണ്; | (എ) | 2016 |
| (ബി) | പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) | i. കമ്മീഷൻ ശുപാർശകളിൽ എസ്റ്റേറ്റുകളിൽ നിന്നും റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ വനം വന്യജീവി വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ii. തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ കെട്ടിട നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കി തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. iii. പ്ലാന്റേഷൻ ടാക്സ്, കാർഷികാദായ നികുതി ഒഴിവാക്കൽ എന്നിവയിൽ നിയമനിർമ്മാണം ആവശ്യമായതിനാൽ ഇത് സംബന്ധിച്ച് ബില്ലുകൾ നിയമസഭയുടെ പരിഗണനയിലാണ്. iv. തോട്ടം മേഖലയിൽ ഇ.എസ്.ഐ.സ്കീം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സോഷ്യൽ സെക്യൂരിറ്റി കോഡ് പ്രാബല്യത്തിൽ വരുന്നതോടുകൂടി തോട്ടം മേഖലയും ഇ.എസ്.ഐ. പദ്ധതിയിൽപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്. v. തൊഴിലാളികളുടെ വേതന കരാർ കാലോചിതമായി പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വേതനത്തിൽ 52/ രൂപയുടെ വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. vi. തോട്ടം മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. vii. തോട്ടം മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു തോട്ടം നയം പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. viii. തോട്ടം മേഖലയിലെ ഭവന രഹിതരായ എല്ലാ തോട്ടം |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്കും സൗജന്യമായി വീട് നിർമ്മിച്ച നൽകുക എന്ന സർക്കാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ മൂന്നാർ മേഖലയിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികൾക്കുള്ള വീടുകളുടെ നിർമ്മാണം തുടങ്ങുകയും, പൂർത്തീകരിച്ച 5 വീടുകൾ തൊഴിലാളികൾക്ക് കൈമാറിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ